(*d*) The scheme contemplates the expansion of the activities of this project to all the taluks of the State, especially in the Taluks where soil erosion is doing havoc to agricultural lands.

സംസ്കൃത സ്കൂളുകൾ.

* 591. [52] ശ്രീ. സി. കൊച്ചുകുഞ്ഞു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് ഇപ്പോൾ എത്ര സംസ്കൃതസ്കൂളുകളുണ്ടു്; എവിടെയെല്ലാം;

(ബി) സംസ്കൃതസ്കൂളുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) * 42. ലിസ്റ്റു് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) 1956–57-ൽ പുതിയ സ്കൂളുകൾ തുറക്കാനുള്ള ആലോചനയില്ല. പക്ഷേ പുതിയ സ്കൂളുകൾക്കുള്ള അപേക്ഷകൾ പരിഗണിക്കുന്നതാണു്.

എൻ. ഇ. എസ്സു്. ബ്ലോക്കുകൾ.

* 592. [53] ശ്രീ. കെ. എസ്സു്. കൃഷ്ണശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) കൊല്ലം ഡിവിഷനിൽ ഇതിനോടകം സ്ഥാപിച്ചിട്ടുള്ള എൻ. ഇ. എസ്സു്. ബ്ലോക്കുകൾ എത്ര;

(ബി) ഇനിയും എതെല്ലാം സ്ഥാനങ്ങളിൽ തുറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ആറു് എൻ. ഇ. എസ്സു്. ബ്ലോക്കുകളും, ഒരു ഡെവലപ്പുമെൻറു് ബ്ലോക്കും.

(ബി) † 26 സ്ഥാനങ്ങളിൽ. ഡിലിമിറ്റേഷൻ ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

മാനേജരന്മാർക്കുള്ള നഷ്ടപരിഹാരം.

* 593. (55) ശ്രീ. എം. എ. ആൻറണി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഡിൽസ്കൂൾ ക്ലാസ്സുകളിൽ ഫീസു് ആനുകൂല്യം അനുവദിച്ചതുകൊണ്ടു് മാനേജരന്മാർക്കു് വരുന്ന നഷ്ടം പരിഹരിക്കുവാൻ എന്തു നടപടിയാണു് സ്വീകരിച്ചിരിക്കുന്നതു്;

---

* Please see Appendix No VIII.

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ നടപടികൾകൊണ്ട് മാനേജർന്മാരുടെ ന്യായമായ എല്ലാ പരാതികളും പരിഹരിക്കപ്പെട്ടുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) നഷ്ടപരിഹാരത്തിനു തക്കതായ ഗ്രാൻറ് കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട് ;

(ബി) പരിഹരിക്കപ്പെടുമെന്നാണ് ഗവണ്മെൻറിന്റെ വിശ്വാസം

പുതിയ ഡിസ്പെൻസറികൾ.

*594. [56] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലം പുതിയതായി എങ്കിലും ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ടോ ;

(ബി) പറവൂർ താലൂക്കിൽ ചെങ്ങമനാട്ടിൽ ഒരു ഡിസ്പെൻസറി സ്ഥാപിക്കണമെന്നു് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഇല്ല.

(ബി) ഉണ്ട്.

മിനിമംവേജസ്.

*595. [60] ശ്രീ. കെ. എ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മിനിമംവേജസ് ശരിയായി നടപ്പിൽ വരുത്തുന്നുണ്ടോ എന്നന്വേഷിക്കുന്നതിനുമാത്രമായി ലേബർ ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പറവൂർ താലൂക്കിലും വൈപ്പിൻകരയിലുമായി എത്ര കയർ വ്യവസായികൾ ഈ നിയമം ലംഘിച്ചിട്ടുണ്ട്;

(സി) അവരുടെ പേരിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മിനിമംവേജസ് ശരിയായി നടപ്പിൽ വരുത്തുന്നുണ്ടോ എന്നന്വേഷിക്കുന്നതിനായി കൂടുതൽ ലേബർ ആഫീസർമാരെ അടുത്ത സാമ്പത്തികവർഷത്തിൽ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിലേക്കാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ ലേബർകമ്മിഷണർക്കു നിർദ്ദേശമുണ്ട്.

(ബി) പറവൂർ താലൂക്കിലും വൈപ്പിൻകരയിലുമുള്ള കയർ ഉൽപ്പാദകർ മിനിമംവേജസ് ലംഘിച്ചിട്ടുള്ളതായി പരാതി ലഭിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly